THE SYRO-MALANKARA CATHOLIC CHURCH

# EPARCHY OF MUVATTUPUZHA

**✠Yoohanon Mar Theodosius**
**Metropolitan of Muvattupuzha**

**Catholic Bishop's House**
**Vazhappilly, Mudavoor P.O,**
**Muvattupuzha - 686 669**

Prot. No. CL 07/2021

## സർക്കുലർ

വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, പ്രിയ വിശ്വാസികളേ,

എല്ലാവർക്കും അനുഗ്രഹകരമായ ഒരു നോമ്പുകാലം ആശംസിക്കുന്നു. ചരിത്രത്തിലാദ്യമായി മാനവസമൂഹം മുഴുവൻ ഒരു മഹാവ്യാധിയുടെ വിഷമവൃത്തത്തിലാണ്. ഏതാണ്ട് ഒരു വർഷമായി തുടരുന്ന ഈ അവസ്ഥയ്ക്ക് ഇനിയും ശാശ്വതമായ പരിഹാരമായിട്ടില്ല. വികസനങ്ങൾ പലതും മന്ദഗതിയിലായി. എന്നാൽ, ജീവിതത്തിലെ ഏത് പ്രതിസന്ധികളെയും നേരിടാനും പതറാതെ മുന്നേറുവാനും ഒരു ഉത്തമ വിശ്വാസിക്ക് കഴിയും. ഇസ്രായേൽ ജനത്തിന്റെ ചരിത്രം മുതൽ ഇന്ന് വരെയുള്ള സഭാചരിത്രം ഈ പ്രത്യാശയാണ് നമുക്ക് പ്രദാനം ചെയ്യുന്നത്. സർവ്വ ശക്തനിൽ ശരണം വയ്ക്കുന്നവർക്ക് യാതൊന്നും ദോഷമായി ഭവിക്കുകയില്ല.

സങ്കീർണ്ണമായ ഈ സാഹചര്യത്തിൽ നമ്മുടെ ഇടവകകളെയും ഭക്തസംഘടനകളെയും വിശിഷ്യ ഭദ്രാസനത്തെയും വളർച്ചയുടെ പാതയിൽ നിലനിർത്തുവാൻ കൂട്ടായ ഒരു സമർപ്പണവും പരിശ്രമവും അനിവാര്യമാണ്. കഴിഞ്ഞ കാലങ്ങളിൽ പുറം രാജ്യങ്ങളിൽ നിന്ന് സഹായങ്ങൾ ലഭിച്ചതുപോലെ ഇനിയും പ്രതീക്ഷിക്കാനാകില്ല. ആയതിനാൽ, ഈ നോമ്പുകാലത്ത് ഔദാര്യപൂർവ്വമായ ഒരു ഹൃദയസമർപ്പണത്തിന് എല്ലാവരെയും ഞാൻ ആഹ്വാനം ചെയ്യുന്നു.

നമ്മുടെ ഭദ്രാസനത്തിൽ വിശ്വാസപരിശീലനം, യുവജനം, അത്മായർ, തുടങ്ങി വിവിധ പ്രേഷിത മേഖലകളിൽ 13 പൊതു ധനശേഖരണം ഒരു വർഷം നടത്തുക പതിവാണ്. ഈ വർഷം ഇവയൊന്നും വേണ്ടതുപോലെ നിർവ്വഹിക്കുവാൻ സാഹചര്യം നമ്മെ അനുവദിച്ചില്ല. ആയതിനാൽ, നടപ്പുവർഷത്തിൽ **'ഏക സംഭാവന'** എന്ന രീതിയിൽ ഒരു ധനശേഖരണം നടത്തുവാൻ താൽപ്പര്യപ്പെടുന്നു. **(വരും വർഷങ്ങളിൽ ഈ ക്രമീകരണത്തിന് പ്രാബല്യമുണ്ടാവുകയില്ല)** ഓരോ കുടുംബത്തിനും ഒരു കവർ ഇതിനായി നൽകുന്നതാണ്. അവരവരുടെ സാമ്പത്തിക നിലവാരമനുസരിച്ച്, ഔദാര്യത്തോടെ ഈ 13 പ്രേഷിത മേഖലയ്ക്കും, ഭദ്രാസനത്തിനും ഒരോ വിഹിതം ലഭിക്കത്തക്ക രീതിയിൽ ഭേദപ്പെട്ട ഒരു തുക കവറിൽ നിക്ഷേപിക്കേണ്ടതാണ്. ബഹു. വികാരി അച്ചനെയോ, അച്ചൻ നിയോഗിക്കുന്ന കമ്മിറ്റി അംഗത്തെയോ ഈ കവർ 2021 ഏപ്രിൽ 30-ന് ഉള്ളിൽ ഏൽപ്പിക്കുകയും വേണം. പ്രസ്തുത കവറുകൾ ബഹു. പ്രൊക്യുറേറ്റർ അച്ചൻ, അതാത് ജില്ലാ കേന്ദ്രത്തിൽ നേരിട്ട് വന്ന്, ലഭ്യമായ തുക രേഖപ്പെടുത്തി ശേഖരിക്കുന്നതാണ്. ജില്ലാ സന്ദർശന തീയതികൾ പിന്നീട് അറിയിക്കും. നടപ്പുവർഷത്തെ പാസാക്കിയ തിരട്ടും തദവസരത്തിൽ സമർപ്പിക്കേണ്ടതാണ്. (*അതത് ഇടവകകൾക്കുള്ള കവറുകൾ മാർച്ച് 16, 17 തീയതികളിൽ നടക്കുന്ന വൈദികരുടെ നോമ്പുകാല ധ്യാനാവസരത്തിൽ ബഹു. അച്ചന്മാരെ ഏൽപ്പിക്കുന്നതായിരിക്കും.)*

മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഏതെങ്കിലും ധനശേഖരണം ഇടവകകളിൽ ഇതിനോടകം കൃത്യമായി നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരം തിരട്ടിൽ ഉൾപ്പെടുത്തി പ്രൊക്യുറേറ്റർ അച്ചനെ അറിയിച്ചാൽ മതിയാകും.

പുതിയ കമ്മിറ്റി അംഗങ്ങളെ കാലഘട്ടത്തിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് തിരഞ്ഞെടുക്കേണ്ടതാണ്. എല്ലാവരുടെയും, വിശിഷ്യാ, ബഹു. അച്ചന്റെയും കമ്മിറ്റി അംഗങ്ങളുടെയും ആത്മാർത്ഥമായ സമർപ്പണവും സഹകരണവും ഈ വിഷയങ്ങളിൽ ഉണ്ടാകണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ദൈവം നിങ്ങളെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

സ്നേഹപൂർവ്വം,

നിങ്ങളുടെ പിതാവ്,

+ Mar Theodosius

✠ യൂഹാനോൻ മാർ തെയഡോഷ്യസ്
മൂവാറ്റുപുഴ മെത്രാപ്പോലീത്താ.

മൂവാറ്റുപുഴ അരമന
19.02.2021

N.B.: ഈ സർക്കുലർ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.